**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – കോഴിക്കോട് ജില്ല – തിരുവമ്പാടി പഞ്ചായത്ത് - ദേശീയ അന്തർദേശീയ തലങ്ങളിൽ മികവു തെളിയിച്ച കായിക താരങ്ങൾക്ക് തനത് ഫണ്ടിൽ നിന്ന് പാരിതോഷികം നൽകുന്നതിന് - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ.) നം. 1120/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 07.04.2017

പരാമർശം:- 1) തിരുവമ്പാടി എം.എൽ.എ ശ്രീ. ജോർജ് എം.തോമസിന്റെ 15.03.2017 ലെ കത്ത്.

2) സ.ഉ.(എം.എസ്) 56/06/തസ്വഭവ തീയതി 16/02/2006.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ പഠിക്കുന്നവരും തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാരുമായിട്ടുള്ളവരും ദേശീയ അന്തർദേശീയ തലത്തിൽ മികച്ച വിജയം നേടിയ ചുവടെ പറയുന്ന 8 വിദ്യാർത്ഥികൾക്ക് 10,000/- രൂപ വീതം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് പാരിതോഷികം നൽകുന്നതിനുള്ള അനുമതി പരാമർശം 1 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

| | | | | | |
|---|---|---|---|---|---|
| 1 | അലീന റെജി പുതുപറമ്പിൽ | പുതു പറമ്പിൽ, തിരുവമ്പാടി പി.ഒ | സൈക്ലിംഗ് | ദേശീയതലം | വെങ്കലം |
| 2 | അപർണ്ണ റോയി ഓവേലിൽ | സെന്റ് ജോസഫ് എച്ച്.എസ്.എസ്, പുല്ലൂരാംപാറ | 100 മീ. ഹർഡിൽസ് | ലോക സ്കൂൾ മീറ്റ്, ദേശീയതലം | ഇന്ത്യയെ പ്രതിനിധീകരിച്ച് സ്വർണ്ണം |
| 3 | ലിസ്ബത്ത് കരോളിൻ ജോസഫ് | സെന്റ് ജോസഫ് എച്ച്.എസ്.എസ്, പുല്ലൂരാംപാറ | ട്രിപ്പിൾ ജംപ് | ലോക സ്കൂൾ മീറ്റ്, ദേശീയതലം | ഇന്ത്യയെ പ്രതിനിധീകരിച്ച് സ്വർണ്ണം |
| 4 | ജിന്റു റോബി കടപ്രയിൽ | സേക്രഡ് ഹാർട്ട് എച്ച്.എസ്, പുല്ലൂരാംപാറ | ഫുട്ബോൾ | അന്തർദേശീയ തലം | ഇന്ത്യയെ പ്രതിനിധീകരിച്ചു |
| 5 | അൽനന ഷാജു | സെന്റ് ജോസഫ് എച്ച്.എസ്.എസ്, പുല്ലൂരാംപാറ | 4X100 മീറ്റർ റിലെ | ദേശീയതലം | വെങ്കലം |
| 6 | അഭിരാമി.വി.എം | സെന്റ് ജോസഫ് എച്ച്.എസ്.എസ്, പുല്ലൂരാംപാറ | വോളിബോൾ | ദേശീയതലം | വെങ്കലം |
| 7 | ജോമൻ ബെന്നി പൂവത്തിങ്കൽ | മരിയൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ ആനക്കാംപൊയിൽ | ഹൈജമ്പ് | ദേശീയമീറ്റ്, സി.ബി.എസ്.സി.ഇ | വെങ്കലം |
| 8 | അരുൺ. എ.സി | സെന്റ് ജോസഫ് എച്ച്.എസ്.എസ്, പുല്ലൂരാംപാറ | 4X100 മീറ്റർ റിലെ | ദേശീയതലം | സ്വർണ്ണം |

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ദേശീയ അന്തർദേശീയ തലത്തിൽ മികച്ച വിജയം നേടിയ മുകളിൽ പറഞ്ഞിരിക്കുന്ന കായിക താരങ്ങൾക്ക് പാരിതോഷികം നൽകുന്നതിന് തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് 80,000/- (എൺപതിനായിരം രൂപ മാത്രം) രൂപ ചെലവഴിക്കുന്നതിന് അവരവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശം (2) ലെ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ടി. കെ. ജോസ്. ഐ.എ.എസ്
പ്രിൻസിപ്പൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
പ്രസിഡന്റ് / സെക്രട്ടറി, തിരുവമ്പാടി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.